പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5815 — 28.03.2018-ൽ മറുപടിയ്ക്ക്

## മെട്രോപദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ബോട്ടുജെട്ടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കൊച്ചി വാട്ടർ മെട്രോപദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഭാഗത്താണ് ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | എളങ്കുന്നപ്പുഴ ജെട്ടി,<br>മുളവുകാട് ഹോസ്പിറ്റൽ ജെട്ടി,<br>മുളവുകാട് പഞ്ചായത്ത് ജെട്ടി,<br>മുളവുകാട് നോർത്ത് ജെട്ടി,<br>ബോൾഗാട്ടി ജെട്ടി,<br>മഞ്ചനക്കാട് ജെട്ടി (ഞാറയ്ക്കൽ പഞ്ചായത്ത്)<br>പിഴല ജെട്ടി, കോതാട് ജെട്ടി,<br>ചാരിയംതുരുത്ത് ജെട്ടി,<br>പാലിയംതുരുത്ത് ജെട്ടി, ചെന്നൂർ ജെട്ടി,<br>മൂലമ്പിള്ള ജെട്ടി, പൊന്നാരിമംഗലം ജെട്ടി എന്നിവയാണ് കൊച്ചി വാട്ടർ മെട്രോപദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിർമ്മിക്കാൻ നിശ്ചയിച്ചിരിക്കുന്നത്. |
| ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ സെപ്റ്റംബർ 2018-ൽ ആരംഭിക്കുവാനും മാർച്ച് 2021-ഓടെ പൂർത്തീകരിക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ജനസാന്ദ്രതയേറിയ പ്രദേശമെന്നത് കണക്കിലെടുത്ത് വൈപ്പിൻ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മേൽപ്പറഞ്ഞ ബോട്ട്ജെട്ടികൾ കൂടാതെ മറ്റ് ബോട്ട്ജെട്ടികളൊന്നും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ